# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2359 | 01.04.2013-ൽ മറുപടിക്ക്

## നവജാത ശിശു മരിക്കാനിടയായ സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പേപ്പാറ ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട ആദിവാസി സെറ്റിൽമെന്റിലെ ജയകുമാറിന്റെ നവജാത ശിശു പരിചരണം ലഭിക്കാത്തതുമൂലം മരണപ്പെടാനിടയായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) പേപ്പാറ ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട ആദിവാസി സെറ്റിൽമെന്റ് കോളനിയിലെ ശ്രീ. ജയകുമാറിന്റെ ഭാര്യയുടെ രണ്ടാമത്തെ പ്രസവത്തോടുകൂടി കുട്ടി മരിച്ചിരുന്നു. കുറ്റിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് വഴി ഗർഭിണി ആയിരുന്നപ്പോൾ രജിസ്ട്രേഷനും ചികിത്സയും നൽകിയിരുന്നു. നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ പോയി പ്രസവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും വീട്ടിൽ തന്നെ പ്രസവിക്കുകയാണുണ്ടായത്. പ്രസവത്തിനുശേഷം അമ്മയേയും കുഞ്ഞിനെയും ഡോക്ടർ ഉൾപ്പെടെയുള്ള മെഡിക്കൽ സംഘം പോയി കണ്ട് പരിശോധിച്ചു. ആശുപത്രിയിൽ പോകുവാൻ നിർദ്ദേശിച്ചെങ്കിലും അവർ പോയില്ല. എന്നാൽ കുഞ്ഞ് പാല് കുടിച്ചു കൊണ്ടിരിക്കെ ശ്വാസ തടസ്സം അനുഭവപ്പെടുകയും മൂക്കിൽ നിന്നും പാൽ വരുകയും ചെയ്തതിനാൽ മരണപ്പെടുകയുണ്ടായി. മരണകാരണം പാൽ തൊണ്ടയിൽ തടഞ്ഞതാകാമെന്ന് കരുതുന്നു. പോസ്റ്റ്മോർട്ടത്തിന് തയ്യാറാകാതിരുന്നതുകൊണ്ട് മരണ കാരണം സ്ഥിരീകരിക്കാൻ സാധിച്ചില്ല. |
| (ബി) ആരോഗ്യ വകുപ്പിന്റെ അനാസ്ഥ മൂലമുള്ള ഇത്തരം ദാരുണ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ എടുത്തിട്ടുണ്ടോ ; | (ബി) ആദിവാസി ഊരുകളിലെ മിക്കവാറും സ്ത്രീകൾ ആശുപത്രിയിൽ പോയി പ്രസവിക്കാൻ വിമുഖത കാട്ടുക പതിവാണ്. എത്രയേറെ നിർബന്ധിച്ചാലും ഇവർ അവരുടെ ആചാരമനുസരിച്ചേ പ്രവർത്തിക്കാറുള്ളൂ. അവിടത്തെ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സഹായത്താൽ കൂടുതൽ ബോധവത്ക്കരണവും യാത്രാ സൗകര്യത്തിനുള്ള സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. പൊടിയം ആദിവാസി മേഖലയിൽ പ്രസവ സൗകര്യം ഉൾപ്പെടെയുള്ള ആധുനിക സൗകര്യത്തോടുകൂടി സബ്സെന്റർ പണിയുവാൻ ഈ സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. |

(....2)

(സി) പ്രസ്തുത മേഖലകളിലെ പി.എച്ച്.സി കളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും എൻ.ആർ.എച്ച്.എം. ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

(സി) കുറ്റിച്ചൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ പെടുന്ന പൊടിയം എന്ന സ്ഥലത്താണ് ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ളത്. ഇവരുടെ ആരോഗ്യപ്രവർത്തനങ്ങൾക്ക് പ്രത്യേകം മെഡിക്കൽ ടീമിനെ കുറ്റിച്ചൽ കേന്ദ്രമാക്കി വിന്യസിച്ചിട്ടുണ്ട്. കൂടാതെ നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ ട്രൈബൽ മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പൊടിയം സബ്സെന്ററിൽ പ്രസവ ചികിത്സയുള്ള സൗകര്യവും യാത്രാസൗകര്യവും വരുന്ന സാമ്പത്തിക വർഷത്തിൽ തുടങ്ങുവാൻ എൻ.ആർ.എച്ച്.എം. വഴി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ